ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 11.03.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. രാജ്യത്തിൻറെ ഉന്നമനത്തിന് സ്ത്രീകളുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   **Women development is essential for the growth of the nation, says President Droupadi Murmu.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മൗറീഷ്യസിൽ ഊഷ്മള വരവേൽപ്. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുക്കും.
   **Prime Minister Narendra Modi arrived in Mauritius today to a grand and warm welcome by Mauritius Prime Minister Navinchandra Ramgoolam. The Prime Minister will attend the Mauritius' National Day celebrations.**

3. പാർലമെൻറിൻറെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ.
   **Session is in progress in both the houses of Parliament. Union Government considers the possibility of enhancing financial support to ASHA workers, says Union Health Minister JP Nadda.**

4. വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.
   **Opposition walkout in Kerala assembly over the alleged delay in rehabilitation of Wayanad landslide victims.**

5. റെസ്‌ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സസ്പെൻഷൻ നീക്കി കേന്ദ്ര കായിക മന്ത്രാലയം.
   **The Sports Ministry has lifted the suspension on the Wrestling**

**Federation of India (WFI), ending months of uncertainty surrounding the sport.**

6. **ISL ഫുട്ബോളിൽ ഇന്ന് ബെംഗളൂരു എഫ്സി, മുംബൈ സിറ്റിയെ നേരിടും.**

**In the Indian Super League (ISL) Football, Bengaluru FC will face Mumbai City FC today.**

**&&&&&&&&&&&&&&&&**

## HEADLINE – 1
## PREZ-PUNJAB - INTRO

രാജ്യത്തിൻറെ ഉന്നമനത്തിന് സ്ത്രീകളുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ബട്ടിൻഡയിൽ, പഞ്ചാബ് കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. വിദ്യാസമ്പന്നരായ സ്ത്രീകളുള്ള സമൂഹം ശ്രേഷ്ഠവും വികസിതവുമായിരിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

രണ്ട് ദിവസത്തെ പഞ്ചാബ്, ചണ്ഡീഗഢ് സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ഇന്ന്, ബട്ടിൻഡ എയിംസിൻറെ ബിരുദദാന ചടങ്ങിലും പങ്കെടുക്കും.

**&&&&&&&&&&&&&&&&**

## HEADLINE – 2
## REV. PM-MAURITIUS VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് മൗറീഷ്യസിൽ ഊഷ്മള വരവേൽപ്. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പോർട്ട് ലൂയിസിൽ എത്തിയ പ്രധാനമന്ത്രിയെ മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലം വിമാനത്താവളത്തിലെത്തി സ്വാഗതം ചെയ്തു. മൗറീഷ്യസിലെ ഇന്ത്യൻ പ്രവാസി സമൂഹവും അദ്ദേഹത്തെ

വരവേൽക്കാൻ എത്തിയിരുന്നു. ഹൃദയംഗമായ വരവേൽപിൽ നന്ദി രേഖപ്പെടുത്തിയ ശ്രീ മോദി, മൗറീഷ്യസുമായുമായുള്ള സഹകരണം ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന പ്രതീക്ഷയും പങ്കുവച്ചു. ഇന്ത്യൻ പൈതൃകത്തോടും, സാംസ്കാരിക മൂല്യങ്ങളോടും പ്രവാസി ഭാരതീയ സമൂഹം പുലർത്തുന്ന ബന്ധം പ്രചോദനം പകരുന്നതായും അദ്ദേഹം പറഞ്ഞു. മൗറീഷ്യസ് പ്രസിഡന്റ് ധരംബീർ ഗോഖുലുമായും, പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. മൗറീഷ്യസിൽ ഇന്ത്യൻ സഹായത്തോടെ നിർമിച്ച 20 അടിസ്ഥാന സൗകര്യ പദ്ധതികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. നാളെ നടക്കുന്ന മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ ശ്രീ മോദി വിശിഷ്ടാതിഥിയായി പങ്കെടുക്കും. സമുദ്ര സുരക്ഷ, ശേഷി വികസനം, വ്യാപാരം തുടങ്ങിയ മേഖലകളിലെ നിരവധി കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവയ്ക്കും.

&&&&&&&&&&&&&&&&

## HEADLINE – 3
## RS-ADJOURN

പാർലമെൻറിൻറെ ഇരുസഭകളിലും നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു. ഡ്യൂപ്ലിക്കേറ്റ് വോട്ടർ ഐഡി നമ്പറുകൾ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ രാജ്യസഭയിൽ പ്രതിപക്ഷം ഇന്ന് പ്രതിഷേധം നടത്തി. തുടർന്ന് 12 വരെ നിർത്തിവച്ച സഭാ നടപടികൾ പിന്നീട് പുനരാരംഭിച്ചു. ഡ്യൂപ്ലിക്കേറ്റ് വോട്ടർ ഐഡി നമ്പറുകൾ നൽകുന്നതിനെതിരെയും, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മണ്ഡല പുനർനിർണയ പ്രക്രിയ ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടും പ്രതിപക്ഷ പാർട്ടികൾ കൊണ്ടുവന്ന അടിയന്തിര പ്രമേയ നോട്ടീസുകൾ

രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംഷ് നിരസിച്ചതാണ് പ്രതിഷേധത്തിന് കാരണമായത്.

&&&&&&&&&&&&&&&&

## HEADLINE – 3 (a)
## ASHA

ആശാ പ്രവർത്തകർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സർക്കാർ പരിഗണിക്കുന്നതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി നഡ്ഡ. ദേശീയ ആരോഗ്യ ദൗത്യവുമായി നടത്തിയ യോഗത്തിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയതായും മന്ത്രി പാർലമെൻറിൽ പറഞ്ഞു. ആശാ പ്രവർത്തകർക്ക് കേന്ദ്രസർക്കാർ നൽകാനുള്ള തുകയിൽ കേരളത്തിന് നിലവിൽ കുടിശിക ബാക്കി നിൽക്കുന്നില്ല. വിനിയോഗ റിപ്പോർട്ട് അനുസരിച്ച് ഇനിയുള്ള തുക അനുവദിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## DMK PROTEST

ദേശീയ വിദ്യാഭ്യാസ നയം, ത്രിഭാഷാ വിവാദം എന്നിവ ഉയർത്തി പാർലമെൻറിന് പുറത്ത് ഡി.എം.കെ പ്രതിഷേധം. തമിഴ്നാടിനുള്ള വിദ്യാഭ്യാസ വിഹിതം കേന്ദ്രം ഉടൻ അനുവദിക്കണമെന്ന് ഡിഎംകെ എംപിമാർ ആവശ്യപ്പെട്ടു. വിഷയത്തിൽ ലോക്സഭയിൽ നടത്തിയ പരാമർശങ്ങൾക്ക് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ മാപ്പു പറയണമെന്ന് ഡിഎംകെ എം.പി കനിമൊഴി പറഞ്ഞു. ആശാ വർക്കർമാരുടെ വിഷയം ചൂണ്ടിക്കാട്ടി കേരളത്തിൽ നിന്നുള്ള എം.പിമാരും പാർലമെൻറിന് പുറത്ത് പ്രതിഷേധിച്ചു. ആശമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്നും ആരോഗ്യരംഗത്ത് നിർണായക

സംഭാവനകളാണ് അവർ നൽകുന്നതെന്നും കെ.സി വേണുഗോപാൽ എംപി പറഞ്ഞു.

&&&&&&&&&&&&&&&&

## HEADLINE – 4

## KERALA ASSEMBLY - WALKOUT - INTRO

വയനാട് പുനരധിവാസം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. ഉരുൾപൊട്ടൽ ദുരന്തം ഉണ്ടായി എട്ടു മാസം ആകാറായിട്ടും ദുരിതബാധിതരുടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കാത്തതും, പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലായതും സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് ടി സിദ്ധിക്ക് ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അടിയന്തര സഹായം നൽകിയില്ലെന്നും, മനുഷ്യത്വപരമായ സമീപനമല്ല ഇതെന്നും ടി സിദ്ധിക്ക് പറഞ്ഞു. വയനാട് ദുരന്തത്തിൽ പരിക്കേറ്റവർക്ക് ചികിത്സ സ്വയം നടത്തേണ്ടി വന്ന അവസ്ഥയാണെന്നും ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ടവരെയാണ് സർക്കാർ ഈ അവസ്ഥയിലാക്കിയതെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പുനരധിവാസത്തിൽ സർക്കാർ ആദ്യം കാണിച്ച ആവേശം ഇപ്പോളില്ല. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ കേരളത്തെ അവഗണിക്കുന്നതായും അദ്ദേഹം വിമർശിച്ചു. അതേസമയം വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടായിട്ടില്ലെന്ന് റവന്യു മന്ത്രി കെ രാജൻ മറുപടി നൽകി. ദുരന്തബാധിതരുടെ എല്ലാ പരാതികളും കേൾക്കുമെന്നും, സാധ്യമായതിനെല്ലാം പരിഹാരമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു. എല്ലാവർക്കും അഭിമാനിക്കാനാകുന്ന

പുനരധിവാസ പ്രവർത്തനങ്ങളാകും വയനാട്ടിൽ നടപ്പാക്കുക. ദുരന്ത ബാധിതർക്കുള്ള ടൌൺ ഷിപ്പിന്റെ തറക്കല്ലിടൽ ഈ മാസം 27 ന് നടക്കുമെന്നും മന്ത്രി അറിയിച്ചു.

(ഹോൾഡ്)

മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5
## WFI- SUSPENSION REVOKED

മാസങ്ങൾ നീണ്ട അനിശ്ചിതത്വത്തിന് ഒടുവിൽ റെസ്‌ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സസ്‌പെൻഷൻ നീക്കി കേന്ദ്ര കായിക മന്ത്രാലയം. ജോർദാനിൽ നടക്കാനിരിക്കുന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിനുള്ള സെലക്ഷൻ ട്രയൽസ് ഉൾപ്പെടെ പുനരാരംഭിക്കുന്നതിന് തീരുമാനം വഴിയൊരുക്കും. WFI പിന്തുടരേണ്ട മാർഗ്ഗനിർദ്ദേശങ്ങളും മന്ത്രാലയം നിശ്ചയിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മത്സരങ്ങൾക്കുള്ള സെലക്ഷനിൽ സുതാര്യത ഉറപ്പുവരുത്തണമെന്നാണ് നിർദ്ദേശം. ഭരണനിർവ്വഹണത്തിലും നടപടിക്രമങ്ങളിലും ഉണ്ടായ വീഴ്ച കണക്കിലെടുത്ത് 2023 ഡിസംബർ 24 നാണ് കായിക മന്ത്രാലയം WFI യെ സസ്‌പെൻഡ് ചെയ്തത്.

&&&&&&&&&&&&&&&&

## ANNPURNA DEVI-CSW NEWYORK

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, സമഗ്ര വികസനം എന്നിവ ഉറപ്പാക്കാൻ ഇന്ത്യ

പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണാ ദേവി. ന്യൂയോർക്കിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ, കമ്മീഷൻ ഫോർ സ്റ്റാറ്റസ് ഓഫ് വുമൺ 69-ാമത് സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ലിംഗസമത്വത്തിൽ ഇന്ത്യയുടെ പുരോഗതിയെക്കുറിച്ച് വിശദീകരിച്ച മന്ത്രി സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ രാജ്യം സ്വീകരിച്ച പദ്ധതികളും ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&

## JAISANKAR-ARMENIA

മെഡിക്കൽ ഉത്പന്ന മേഖലയിലെ സഹകരണവുമായി ബന്ധപ്പെട്ട് ഇന്ത്യയും അർമേനിയയും ധാരണാപത്രം ഒപ്പുവച്ചു. വിദേശകാര്യ മന്ത്രി എസ് ജയശങ്കറിന്റെയും അർമേനിയൻ വിദേശകാര്യ മന്ത്രി അരാരത് മിർസോയന്റെയും സാന്നിധ്യത്തിൽ ഇന്നലെ ന്യൂഡൽഹിയിലാണ് ധാരണാപത്രം ഒപ്പുവച്ചത്.

&&&&&&&&&&&&&&&&

## GOVT - URAD IMPORT

ഉഴുന്ന് പരിപ്പിന്റെ തീരുവ രഹിത ഇറക്കുമതിഅടുത്ത വർഷം മാർച്ച് 31 വരെ നീട്ടി കേന്ദ്ര സർക്കാർ. ആഭ്യന്തര വിപണികളിൽ ഉഴുന്ന് പരിപ്പിന്റെ വില സ്ഥിരപ്പെടുത്താൻ നീക്കം സഹായിക്കും.

&&&&&&&&&&&&&&&&

## HEADLINE – 6

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ബെംഗളൂരു എഫ്സി, മുംബൈ സിറ്റിയെ നേരിടും. ബെംഗളൂരുവിലെ ശ്രീ കണ്ഠീരവ സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം. ഒരു പോയിന്റ് അകലെയാണ് മുംബൈ എഫ് സിയുടെ പ്ലേ ഓഫ് സാധ്യത. ഇന്നത്തെ മത്സരം ജയിച്ചാൽ ഒഡീഷയ്ക്കും പ്ലേ ഓഫ് ഉറപ്പിക്കാനാകും.

&&&&&&&&&&&&&&&&

## WPL

WPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. രാത്രി 07:30 ന് മുംബൈയിലാണ് മത്സരം.

&&&&&&&&&&&&&&&&

## RAILWAY HOLI

ഹോളിയോടനുബന്ധിച്ച് 400 ലധികം പ്രത്യേക ട്രെയിൻ സർവീസുകൾ ഏർപ്പെടുത്തുമെന്ന് ഉത്തര റെയിൽവേ. ട്രെയിൻ ടിക്കറ്റ് കൈവശമുള്ള യാത്രക്കാർക്ക് മാത്രമായിരിക്കും പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം അനുവദിക്കുക എന്നും റെയിൽവേ അറിയിച്ചു.

&&&&&&&&&&&&&&&&

## ATTUKAL PONGALA

ലോകപ്രശസ്തമായ ആറ്റുകാൽ പൊങ്കാലയ്ക്ക് ഇനി രണ്ടു ദിവസം മാത്രം. പൊങ്കാല സമർപ്പണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ആറ്റുകാൽ ഭഗവതി ക്ഷേത്ര ട്രസ്റ്റ്

ഭാരവാഹികൾ അറിയിച്ചു. നഗരത്തിൽ നാളെ ഉച്ച മുതൽ വ്യാഴാഴ്ച രാത്രി എട്ടുവരെ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**